PAN/6169/2021-B1(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
**തിരുവനന്തപുരം**
**crbdkerala@gmail.com**
**0471-2323286 തീയതി : 17/05/2021**

**<u>സർക്കുലർ</u>**

വിഷയം: പഞ്ചായത്ത് വകുപ്പ് കോവിഡ് -19 - മരണ കാരണം റിപ്പോർട്ട് ഫോറത്തിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:- 14.05.2021 ൽ കോവിഡ് വാർ റൂം പ്രതിനിധികൾ ഓൺലൈനായി കൂടിയ യോഗ തീരുമാനം.

സർക്കാർ തലത്തിൽ കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരംഭിച്ചിട്ടുള്ള കോവിഡ് വാർ റൂം ചുമതലയുള്ള ഉദ്യോഗസ്ഥരുടെ യോഗം തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ യോഗ തീരുമാന പ്രകാരം മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മരണ റിപ്പോർട്ട് ഫോറങ്ങളിൽ മരണ കാരണം വ്യക്തമായി രേഖപ്പെടുത്തണമെന്നിരിക്കേ ആയത് പാലിയ്ക്കുന്നില്ലെന്ന് ചിലകേസ്സുകളിൽ കാണുന്നു. വ്യക്തമായി മരണ കാരണം രേഖപ്പെടുത്തി മരണ റിപ്പോർട്ടുകളിൽ രജിസ്ട്രേഷൻ നടപടികൾ രജിസ്ട്രാർമാർപൂർത്തീകരിക്കേണ്ടതും അല്ലാത്തവ സ്ഥാപനങ്ങളിൽ നിന്നോ റിപ്പോർട്ട് ചെയ്യുന്ന വ്യക്തികളിൽ നിന്നോ അസുഖത്തിന്റെ പേര് അല്ലെങ്കിൽ യഥാർത്ഥ മരണകാരണം (വൈദ്യപരമായി സാക്ഷ്യപ്പെടുത്തിയതും അല്ലാത്തതുമായ എല്ലാ മരണങ്ങൾക്കും ബാധകമാണ്) 12-ാം നമ്പർ കോളം വിവരം നല്കുന്ന വ്യക്തി ശരിയായി പൂരിപ്പിയ്ക്കുന്നുവെന്ന് ഉറപ്പ് വരുത്തി മാത്രം രജിസ്ട്രാർമാർ മരണ രജിസ്ട്രേഷൻനടത്തേണ്ടതാണ്. സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന അവസരത്തിലും ആയതിന്റെ കൃത്യത ഉറപ്പ് വരുത്തി മാത്രമേ രജിസ്ട്രേഷൻ നടപടി പൂർത്തികരിയ്ക്കാവൂ എന്നുള്ള വിവരം ഇതിനാൽ എല്ലാ രജിസ്ട്രാർമാരെയും അറിയിക്കുന്നു.

ഫ്രണ്ട് ഓഫീസിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരുംജനനമരണ രജിസ്ട്രേഷൻ ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽ നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു. രജിസ്ട്രേഷൻനടപടിയിൽ രജിസ്ട്രേഷൻനടത്തുന്ന രജിസ്ട്രാർമാർ ടി നിർദ്ദശം പാലിയ്ക്കുന്നുവെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, എല്ലാ നഗരസഭസെക്രട്ടറിമാരും,ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

**MEENAKUMARI AMMA.O**
**JOINT DIRECTOR AND CHIEF REGISTRAR**

പകർപ്പ്

എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും( ജനന-മരണ രജിസ്ട്രാർമാർക്കും സർക്കുലറിന്റെ പകർപ്പ് നൽകേണ്ടതാണ്. )
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്(ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐകെഎം(ഉപരിപത്രം സഹിതം)
അഡീഷണൽ ചീഫ് രജിസ്ട്രാർ
നഗരകാര്യ വകുപ്പ് ഡയറക്ടർ
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
പബ്ലിസിറ്റി ആഫീസർ (പഞ്ചായത്ത് ഡയറക്ടറേറ്റ്)
കരുതൽ ഫയൽ

Signature Not Verified

Digitally signed by
Meenakumari Amma O
Date: 2021.05.17 17:33:36 IST
Reason: Approved